(ഇ) 6 (ആറ്) വാഹനങ്ങൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

ജലഗതാഗത വകുപ്പിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ

129 [2256] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇതിൽ തടി ബോട്ടുകൾ, സ്റ്റീൽ ബോട്ടുകൾ, ഫൈബർ ബോട്ടുകൾ ഇവ എത്ര വീതം ഉണ്ട്;

(സി) ഇവയുടെ ഓരോന്നിലെയും ഇന്ധനചെലവ് എത്ര വീതമാണ് എന്നറിയിക്കാമോ;

(ഡി) വകുപ്പിന്റെ ശരാശരി പ്രതിമാസ നഷ്ടം എത്രയാണ്;

(ഇ) നഷ്ടം കുറയ്ക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 51 ബോട്ടുകൾ.

(ബി) 47 തടി ബോട്ടുകൾ, 3 സ്റ്റീൽ ബോട്ടുകൾ, 1 ഫൈബർ ബോട്ട്.

(സി) ഒരു ബോട്ടിന് ശരാശരി ഒരു മണിക്കൂർ പ്രവർത്തിക്കുന്നതിന് 10 ലിറ്റർ ഡീസൽ ചെലവാകുന്നുണ്ട്.

(ഡി) ഏകദേശം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ ശരാശരി പ്രതിമാസ നഷ്ടം വരുന്നുണ്ട്.

(ഇ) ഉണ്ട്. ജനത്തിരക്ക് ഇല്ലാത്ത സമയങ്ങളിലെ ഷെഡ്യൂൾ കുറയ്ക്കുക, ഇന്ധന ചെലവു കുറയ്ക്കുക, ബോട്ടുകൾ വാടകയ്ക്കു കൊടുത്ത് വരുമാനം വർദ്ധിപ്പിക്കുക, കാർഗോ സർവ്വീസ് ആരംഭിക്കുക.

സംസ്ഥാനത്ത് റെയിൽവേ ഗതാഗതത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പദ്ധതികൾ

130 [2257] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ ഗതാഗതത്തിൽ വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന് പുതിയ തീവണ്ടികളും, പാത ഇരട്ടിപ്പിക്കൽ, ലൈൻ ഇലക്ട്രിഫിക്കേഷൻ തുടങ്ങി എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly